©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ജൂലൈ 7<br>7th July 2020<br>1195 മിഥുനം 23<br>23rd Mithunam 1195<br>1942 ആഷാഢം 16<br>16th Ashadha 1942 | നമ്പർ<br>No. | 27 |

# PART III

# Dairy Development Department

### കോട്ടയം ജില്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : കെ. ജി. ശ്രീലത, ഡെപ്യൂട്ടി ഡയറക്ടർ)

നമ്പർ ഡി-4374/2018. 2020 മേയ് 20.

വിഷയം:—ക്ഷീരവികസന വകുപ്പ്, കോട്ടയം—ളാലം ബ്ലോക്ക് കാവുംകണ്ടം ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-233 (ഡി) ആപ്കോസ്—സമാപ്തീകരണം—കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—(1) ഈ ഓഫീസിലെ 24-5-2019-ലെ ഇതേ നമ്പർ ഉത്തരവ്.

(2) ളാലം ബ്ലോക്ക് ക്ഷീരവികസന ഓഫീസറുടെ 4-11-2019-ലെ 267/2018 നമ്പർ സെക്ഷൻ 65 അന്വേഷണ റിപ്പോർട്ട്.

മേൽ പരാമർശം (1) പ്രകാരം ദീർഘ കാലമായി പ്രവർത്തനം നിലച്ച ളാലം ബ്ലോക്കിലെ കാവുംകണ്ടം ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-233 (ഡി) ആപ്കോസ് തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് ളാലം ബ്ലോക്ക് ക്ഷീര വികസന ഓഫീസറെ നിയമിച്ചുത്തരവായിരുന്നു.

എന്നാൽ പരാമർശം (2) പ്രകാരം ലഭിച്ചിട്ടുള്ള സെക്ഷൻ 65 അന്വേഷണ റിപ്പോർട്ട് പ്രകാരം കാവുംകണ്ടം ക്ഷീര സംഘം തുറന്നു പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാൽ സമാപ്തീകരണത്തിന് ശുപാർശ ചെയ്തിരിക്കുന്നു.

#### ഉത്തരവ്

ഈ സാഹചര്യത്തിൽ ളാലം ബ്ലോക്കിലെ കാവുംകണ്ടം ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ-233(ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി ലിക്വിഡേറ്ററായി 1969-ലെ സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ളാലം ബ്ലോക്ക് ഡയറി ഫാം ഇൻസ്ട്രക്ടർ 'ബി' യൂണിറ്റിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിക്വിഡേറ്റർ ഉടൻ സംഘത്തിന്റെ സമാപ്തീകരണ ചുമതല ഏറ്റെടുക്കേണ്ടതും മൂന്ന് വർഷത്തിനകം നടപടികൾ പൂർത്തിയാക്കി എല്ലാ രേഖകളും ഈ ഓഫീസിന് കൈമാറേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതുമാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കോട്ടയം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

REGISTRATION CERTIFICATE

No. C-2826/2019. *20th March 2020.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the byelaws of the undermentioned Society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. ക്ഷീര സഹകരണ സംഘത്തിന്റെ പേര്—കുമ്പടാജെ ക്ഷീരോൽപ്പാദക സഹകരണസംഘം, ക്ലിപ്തം നമ്പർ കെ. ജി. 127 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—20-3-2020
3. പോസ്റ്റാഫീസ്—കുമ്പടാജെ
4. താലൂക്ക്—കാസർഗോഡ്
5. ജില്ല—കാസർഗോഡ്
6. പ്രവർത്തന പരിധി—കുമ്പടാജെ പഞ്ചായത്തിലെ 3, 5 വാർഡുകൾ

അതിർത്തികൾ

തെക്ക്—B. G സർക്കിൾ, A.P. സർക്കിൾ റോഡ്

വടക്ക് —കുമ്പടാജെ ബെളിഞ്ച റോഡ് വരെയുള്ള അതിർത്തിക്കുള്ളിൽ വരുന്നത്.

കിഴക്ക് —കർക്കട ഗോളി കായ്മല റോഡ്, ബെള്ളൂർ പഞ്ചായത്ത് അതിർത്തി

പടിഞ്ഞാറ് —കുമ്പടാജെ തോട്

7. ബാദ്ധ്യത—ക്ലിപ്തം
8. പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും
9. അംഗീകൃത ഓഹരി മൂലധനം—₹ 50,000. (അമ്പതിനായിരം രൂപ മാത്രം)
10. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ ആകെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചാലുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കാസറഗോഡ്. ഡെപ്യൂട്ടി ഡയറക്ടർ.